കുടുംബശ്രീ

കുടുംബശ്രീ

തദ്ദേശസ്വയംഭരണ വകുപ്പ്

2011 ജനുവരി 15
തിരുവനന്തപുരം
ലക്കം 26

വാർത്താപത്രിക

email: info@kudumbashree.org
www.kudumbashree.org

# സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രചരണം



**സ**മഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രചരണത്തിന് കുടുംബശ്രീയും ചിയാകും സംയുക്തമായി പഞ്ചായത്തടിസ്ഥാനത്തിൽ തുടക്കമിട്ടു. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ. എസ്. ബി.വൈ) യിൽ സംസ്ഥാന സർക്കാരിന്റെ കണക്കുകൾ പ്രകാരമുള്ള 10 ലക്ഷം കുടുംബങ്ങളെയും എ. പി. എൽ കുടുംബങ്ങളെയും ഉൾപ്പെടുത്തി CHIS (Comprehensive Health Insurance Scheme) എന്ന പേരിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരികയാണ്. പരാമവധി അയൽക്കൂട്ടകുടുംബങ്ങളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുക, ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുക, ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് ഫലപ്രദമായ സേവനം ലഭ്യമാവുന്നു എന്ന് ഉറപ്പ് വരുത്തുക എന്നിവ കുടുംബശ്രീ സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പ്രചരണ പരിപാടികളുടെ ഭാഗമായി പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ കൈപുസ്തകം തയ്യാറാക്കിയതോടൊപ്പം സംസ്ഥാന തല റിസോഴ്സ്പേഴ്സൺമാർക്കുള്ള പരിശീലനം സംഘടിപ്പിച്ചിരുന്നു. ക്ലസ്റ്റർ/ബ്ലോക്ക്- സിഡിഎസ് എന്നീ തലങ്ങളിലാണ് പരിശീലനം നടന്നത്. ഒരു സിഡിഎസ്സിൽ നിന്നും 5 പേർക്ക് ക്ലസ്റ്റർ/ബ്ലോക്ക് തലത്തിലും ഒരു എഡിഎസ്സിൽ നിന്നും 5 പേർക്ക് സിഡിഎസ് തലത്തിലുമാണ് പരിശീലനം നൽകിയത്. ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നവരുടെ നേതൃത്വത്തിൽ ഓരോ അയൽക്കൂട്ടത്തിലും കൈപുസ്തകം ഉപയോഗിച്ചുള്ള പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ച സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ട കുടുംബങ്ങളിലേക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സന്ദേശം എത്തിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം.

പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രചരണങ്ങളോടനുബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. നിലവിൽ പദ്ധതിയിൽ ചേർന്ന് സ്മാർട്ട് കാർഡ് ലഭിച്ചിട്ടുള്ള 17,34,770 ബി.പി.എൽ കുടുംബങ്ങളുടെ സ്മാർട്ട് കാർഡുകളുടെ കാലാവധി 31.03.2011 ന് തീരും. അതിനാൽ 31.03.2011 നു മുൻപായി അവ പുതുക്കി നൽകും. അക്ഷയ കേന്ദ്രങ്ങൾ വഴിയായിരിക്കും പുതുക്കി നൽകുക. ഇതിനായി കുടുംബങ്ങളിൽ ഒരാൾ സ്മാർട്ട് കാർഡുമായി നിശ്ചിത കേന്ദ്രത്തിലെത്തി 30 രൂപ അടച്ച് കാർഡ് പുതുക്കണം. പുതുക്കാനായി ഫോട്ടോ എടുക്കേണ്ടതില്ല. കാർഡ് പുതുക്കൽ ആരംഭിക്കുന്ന തീയതി നിശ്ചയിച്ചിട്ടില്ല. വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതാണ്.

2. നിലവിൽ എ.പി.എൽ കാർഡ് ലഭിച്ചിട്ടുള്ളവരുടെ സ്മാർട്ട് കാർഡ് പുതുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങളും പിന്നീട് പരസ്യപ്പെടുത്തും.

3. സംസ്ഥാനത്താകെ 19,00,018 കുടുംബങ്ങൾ 2011-12 വർഷത്തിലെ പദ്ധതിയിൽ ചേരാനായി സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽപ്പെട്ട കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ഫിംഗർ പ്രിന്റും ഫോട്ടോയും എടുത്ത് അവർക്കു സ്മാർട്ട് കാർഡ് നൽകേണ്ടതുണ്ട്. ഈ പ്രക്രിയ 2011 ജനുവരി 10 ന് ആരംഭിച്ച് മാർച്ച് 31 നു മുൻപ് പൂർത്തിയാക്കണം.

4. മേൽപ്പറഞ്ഞ എല്ലാ കുടുംബങ്ങൾക്കും 01.04.2011 മുതൽ സൗജന്യ ചികിത്സ ലഭ്യമാകും.

5. ഫോട്ടോ എടുക്കാനായിവരുമ്പോൾ അക്ഷയ കേന്ദ്രത്തിൽ നിന്ന് രജിസ്ട്രേഷൻ സമയത്തു ലഭിച്ച രസീതുകൂടി കൊണ്ടുവരണം. 25 രൂപ രജിസ്ട്രേഷൻ ഫീസായി അടയ്ക്കുകയും വേണം.

6. സ്മാർട്ട് കാർഡ് അപ്പോൾ തന്നെ വാങ്ങണം.

7. ഫോട്ടോ എടുക്കുന്ന സമയത്ത് രജിസ്ട്രേഷൻ സമയത്തുണ്ടായ പിശകുകളിൽ ചിലതു മാറ്റാനാകും. ഗൃഹനാഥന്റെയോ, നാഥയുടെയോ പേര് മാറ്റാനാകില്ല. വയസ്സ്, സ്ത്രീ/പുരുഷൻ എന്നിവ രേഖപ്പെടുത്തിയതിലെ തെറ്റു തിരുത്താനാകും. ഗൃഹനാഥൻ/നാഥ കൂടാതെ 3 പേരെയാണ് സ്മാർട്ട് കാർഡിൽ ഉൾപ്പെടുത്തുന്നത്. ഇതിൽ ആരെയെങ്കിലും രജിസ്ട്രേഷൻ സമയത്തു വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ ഫോട്ടോ എടുക്കുന്ന സമയത്ത് ഉൾപ്പെടുത്താം.

8. നിശ്ചിത ദിവസം തന്നെ ഫോട്ടോയും ഫിംഗർ പ്രിന്റും എടുക്കണം. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഹാജരാകണം.

9. നിലവിൽ സ്മാർട്ട് കാർഡ് കൈവശമുള്ളവർ അതു പുതുക്കിയാൽ മതി. അവർ അക്ഷയകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോൾ പുതുതായി സ്മാർട്ട് കാർഡ് വാങ്ങരുത്. രണ്ട് കാർഡ് കൈവശമുള്ള കുടുംബാംഗങ്ങളുടെ രണ്ട് സ്മാർട്ട് കാർഡും റദ്ദാക്കും.

10. എ.പി.എൽ വിഭാഗത്തിൽ കാർഡെടുത്തിട്ടുള്ളവർക്ക് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. അവർ അക്ഷയ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഫോട്ടോ എടുത്ത് പുതിയ സാമാർട്ട് കാർഡ് കരസ്ഥമാക്കാവുന്നതാണ്.

11. ലിസ്റ്റിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം വാങ്ങിയശേഷമാണ് എൻറോൾമെന്റ് ആരംഭിക്കുന്നത്. ഈ വർഷത്തെ ലിസ്റ്റിന്റെ അംഗീകാരം നേരത്തെ കിട്ടിക്കഴിഞ്ഞു. അതുകൊണ്ട് പുതുതായി കുടുംബങ്ങളെ ഈ വർഷം ഉൾപ്പെടുത്താനാകുകയില്ല.

# കൃഷി വ്യാപിപ്പിക്കാൻ വനിതാ കാർഷിക സംഘങ്ങൾ

**സം**സ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കാൻ 60000 വനിതാ കാർഷിക സംഘങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ സംസ്ഥാനമിഷൻ തീരുമാനിച്ചു. ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ജോയിന്റ് ലയബിലിറ്റി (ജെ.എൽ.ജി) ഗ്രൂപ്പുകൾ രൂപീകരിച്ചാണ് വാണിജ്യാടിസ്ഥാനത്തിലുള്ള സംഘകൃഷി വ്യാപിപ്പിക്കുക. ബാങ്കുകളിൽ നിന്ന് ഒരു ശതമാനം പലിശനിരക്കിൽ കാർഷിക വായ്പകൾ ഈ കൃഷി ഗ്രൂപ്പുകൾക്ക് ലഭ്യമാക്കും. നബാർഡിന്റെ സഹായത്തോടെ സംഘടിപ്പിച്ച സംസ്ഥാന തല ജെ.എൽ.ജി ശില്പശാലയിലാണ് കൃഷി വ്യാപിപ്പിക്കാൻ തീരുമാനിച്ചത്.

ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലളവിലാണ് 60,000 വനിതാ കാർഷിക സംഘങ്ങൾ രൂപീകരിക്കുക. ഇതിനുള്ള വിപുലമായ പ്രചരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ശില്പശാല രൂപം നൽകി.

സംസ്ഥാനത്തെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘകൃഷി എന്ന അജണ്ട ചർച്ച ചെയ്യാൻ വേണ്ടി മാത്രമായി പ്രത്യേക യോഗം ചേരും. തുടർന്ന് കൃഷി സംഘങ്ങൾ രൂപീകരിക്കും. ജില്ലകളുടെ പ്രത്യേകത കണക്കിലെടുത്ത് അനുയോജ്യമായ വിളകളായിരിക്കും വ്യാപിപ്പിക്കുക. ഇതിനായി കൃഷി വകുപ്പ്, ബാങ്കുകൾ, ഗ്രാമ -ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത ജില്ലാതല യോഗങ്ങൾ ഈ മാസം തന്നെ ചേരും. കാർഷിക മേഖലയിൽ ഉണ്ടാവുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നതിനുള്ള കർമ്മപദ്ധതിയും ശില്പശാല തയ്യാറാക്കി.



തളിപ്പറമ്പ് ഇൻഡോർ പാർക്കിൽ നടന്ന ദ്വിദിന ശില്പശാലയിൽ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനു തോമസ് അധ്യക്ഷത വഹിച്ചു. സി. കെ. പി. പത്മനാഭൻ എം എൽ എ ശില്പശാല ഉദ്ഘാടനം ചെയ്തു. നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് ചെയർമാൻ സെയ്ഗാൾ, ലീഡ് ബാങ്ക് മാനേജർ വി എസ്. ജയറാം, സിന്റിക്കേറ്റ് ബാങ്ക് റീജിയണൽ മാനേജർ വി.പി.ജി. നായനാർ, നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ പ്രേം കുമാർ, കുടുംബശ്രീ സംസ്ഥാന ഗവേണിംഗ് ബോഡി അംഗം സുധീർകുമാർ, കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ ജയശ്രീ എന്നിവർ സംസാരിച്ചു. കുടുംബശ്രീ ജില്ലാ കോ-ഓഡിനേറ്റർ പി. പി. ദാമോദരൻ, എ ഡി എം സിമാരായ ഇ.കെ. സോമശേഖരൻ, പി.കെ. മോഹനൻ, അജയകുമാർ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ജില്ലയിലെ വിവിധ കുടുംബശ്രീ കൃഷിത്തോട്ടങ്ങൾ ശില്പശാല ടീമംഗങ്ങൾ സന്ദർശിച്ചു.

# കുടുംബശ്രീ എം.ഐ.എസ് ഡിജിറ്റൈസ്ഡ് ആകുന്നു

**കു**ടുംബശ്രീ സംഘടനാ സംവിധാനം മാന്വൽ എം.ഐ.എസ്സിൽ നിന്നും ഡിജിറ്റൈസ്ഡ് എം.ഐ.എസ്സിലേയ്ക്ക് മാറുന്നു. കേന്ദ്ര-വിവര സാങ്കേതിക മന്ത്രാലയത്തിന്റെ സഹായത്തോടെ സി-ഡാക്കാണ് ഇതിനാവശ്യമായ വിപുലമായ സോഫ്റ്റ്‌വെയർ രൂപീകരിച്ചിട്ടുള്ളത്. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ മുഴുവൻ അടിസ്ഥാന വിവരങ്ങൾക്കും പുറമെ, പ്രധാന പ്രവർത്തനങ്ങളായ മൈക്രോ ഫൈനാൻസ് തൊഴിൽ സംരംഭങ്ങൾ, സംഘകൃഷി, ആശ്രയ, ബാലസഭ, എസ്.ജെ.എസ്.ആർ.വൈ എന്നിവയുടെ നാളതീകരിച്ച വിവരങ്ങളും എം.ഐ.എസ്സിലൂടെ ലഭ്യമാകും.

സംഘടനാസംവിധാനത്തിന്റെയും മൈക്രോ ഫൈനാൻസിന്റെയും 31-3-2010 വരെയുള്ള വിവരങ്ങളുടെ അപ്പ്ലോഡിംഗ് കുടുംബശ്രീ ഐ.റ്റി. യൂണിറ്റുകളിലൂടെ നടന്നുവരുന്നു. ഏകദേശം 70%-ൽ അധികം വിവരങ്ങളുടെ എൻട്രി സംസ്ഥാനത്താകെയായി പൂർത്തിയായി കഴിഞ്ഞു. 31-3-2010-നു ശേഷമുള്ള വിവരങ്ങൾ സി.ഡി.എസ്. തലത്തിൽ മാസാടിസ്ഥാനത്തിൽ ആയിരിക്കും എൻട്രി ചെയ്യപ്പെടുക. കേരളത്തിലെ പത്തോളം സി.ഡി.എസ്സുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ മുഴുവൻ വിവരങ്ങളും കൂട്ടിചേർത്തു. തെരഞ്ഞെടുക്കപ്പെട്ട സി.ഡി.എസ്സുകൾക്ക് പരിശീലനം നല്കി.കേരളത്തിൽ മുഴുവൻ സി.ഡി.എസ്. അക്കൗണ്ടന്റുമാർക്കുള്ള പരിശീലനത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സി.ഡി.എസ്സുകളുടെ കമ്പ്യൂട്ടറുകൾ അപ്പ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എം.ഐ. എസ്സിനായി എല്ലാ സി.ഡി.എസ്സുകൾക്കും ബി.എസ്.എൻ.എൽ. ടെലിഫോൺ കണക്ഷനും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കും.ഡേറ്റാ എൻട്രി പ്രവർത്തനങ്ങൾ പൂർത്തിയാക്കി കഴിഞ്ഞാൽ വിവിധ പദ്ധതികളിലായി 225-ലധികം റിപ്പോർട്ടുകൾ ജനറേറ്റു ചെയ്യാനാകും. ഇതു കുടുംബശ്രീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് മിഷനും സി.ഡി.എസ്സിനും ഏറെ സഹായകരമാകും.

കുഞ്ഞമ്മ ചേച്ചി




**പഞ്ചായത്തടിസ്ഥാനത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പ്രചരണം**

# എസ്.ജെ.എസ്.ആർ.വൈ പ്രചരണം

**ന**ഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എസ്.ജെ.എസ്. ആർ.വൈ ക്യാമ്പയിൻ.

നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നഗരസഭയുടെ ഇടപെടലുകൾകൾ മെച്ചപ്പെടുത്തുക നഗരസഭ സിഡിഎസ്സിന് സഹായിക്കുക. നഗരസഭ സിഡിഎസ്സുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക. വിവിധ പദ്ധതികളിലായി വകയിരുത്തിയിട്ടുള്ള ധനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള കാര്യപരിപാടികൾ ആസുത്രണം ചെയ്ത് നടപ്പിലാക്കുക, നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അനുകരണീയമായ മാതൃകകൾ സൃഷ്ടിക്കുക എന്നിവയാണ് എസ്.ജെ.എസ്. ആർ.വൈ ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ.

എസ്.ജെ.എസ്.ആർ.വൈ ക്യാമ്പയിന്റെ ഭാഗമായി നഗരസഭകളുമായി ബന്ധപ്പെട്ട് ജില്ലാമിഷൻ തലത്തിൽ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. നഗരസഭാ അദ്ധ്യക്ഷരുമായും സ്റ്റാൻഡിംഗ് കമ്മറ്റി അദ്ധ്യക്ഷരുമായും ബന്ധപ്പെട്ട് വിവരങ്ങൾ ഗ്രഹിപ്പിച്ച് അവരുടെ സഹകരണം ഉറപ്പാക്കുക, ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കുന്ന കർമ്മപരിപാടി നഗരസഭ കൗൺസിലിൽ അവതരിപ്പിക്കുക, സി.ഡി.എസിലേക്കുള്ള വനിതാ പ്രതിനിധികളുടെ നാമനിർദ്ദേശം, വിലയിരുത്തൽ സമിതിയുടെ രൂപീകരണം എന്നിവ നഗരസഭ കൗൺസിലിൽ യോഗ അജണ്ടയിൽ ഉൾപ്പെടുത്തുക, നഗരസഭ വിലയിരുത്തൽ സമിതി യോഗങ്ങൾ നടക്കുന്നവെന്നുറപ്പുവരുത്തുക, നഗരസഭകളുടെ എസ്.ജെ.എസ്. ആർ.വൈ പദ്ധതി ബാക്കി തുക വിനിയോഗിക്കുന്നതിനുള്ള പരിപാടി തയ്യാറാണെന്ന് ഉറപ്പുവരുത്തുക, എസ്.എൽ.പി. ഏറ്റെടുക്കുന്ന നഗരസഭകളുടെ പദ്ധതി രൂപീകരണം എന്നിവ ഏറ്റെടുത്ത് നടത്തേണ്ടതാണ്. നഗരസഭ/ സി.ഡി.എസ്സ് തലത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്. ഉപസമിതി കൺവീനർമാരെ സി.ഓമാരായി നിയമിക്കുക, എസ്.ജെ. എസ്.ആർ.വൈ പദ്ധതി ബാക്കി തുക വിനിയോഗിക്കുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുക, എ.ഡി.എസ്, അയൽക്കൂട്ട തലങ്ങളിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, 2010-12 ലെ സി.ഡി.എസ് ആക്ഷൻപ്ലാൻ തയ്യാറാക്കി നഗരസഭ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുക എന്നിവയാണ് നഗരസഭാ സി.ഡി. എസ് തലത്തിൽ നടത്തേണ്ടത്.

ക്യാമ്പയിനോട് അനുബന്ധിച്ച് സംസ്ഥാനമിഷൻ തലത്തിൽ സി.ഒമാർക്കുള്ള പരിശീലനം, അക്കൗണ്ടന്റുമാർക്കുള്ള പരിശീലനം, ക്യാമ്പയിൻ മേൽനോട്ടത്തിനും റിപ്പോർട്ടിംഗിനുമുള്ള സംവിധാനങ്ങൾ ദ്വൈവാരിക വീഡിയോ കോൺഫെറൻസ് എന്നിവ സംഘടിപ്പിക്കുന്നതാണ്.

ജില്ലാതല ക്യാമ്പയിൻ സംഘാടനത്തോടനുബന്ധിച്ച് പരിപാടികൾ ക്രമമായി നടത്തുന്നതിനും യഥാസമയം വിലയിരുത്തുന്നതിനുമായി ജില്ലാമിഷൻ ടീമിന്റെ ഒരു കമ്മറ്റി രൂപീകരിക്കേണ്ടതാണ്. കൂടാതെ എസ്.ജെ.എസ്.ആർ. വൈ ക്യാമ്പയിൻ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ എല്ലാ പിന്തുണാ സംവിധാനങ്ങളും ലഭ്യമാക്കുന്നതാണ്.

## കന്നുകുട്ടി പരിപാലന മേഖലയിലേക്ക് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ

**വ**യനാട് ജില്ലയിലെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ വ്യാപകമായി കന്നുകുട്ടി പരിപാലന മേഖലയിലേയ്ക്ക് കടക്കുന്നു. വനപ്രദേശങ്ങളോട് ചേർന്ന കോളനികളിലാണ് അയൽക്കൂട്ടങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കന്നുകുട്ടികളെ വളർത്തുന്നത്. വനത്തിൽ നിന്നും യഥേഷ്ടം തീറ്റ ലഭിക്കുന്നതിനാൽ ഇവയുടെ പരിപാലനം എളുപ്പമാണ്. ഇവയെ ഒന്നിച്ച് വനത്തിലേക്ക് മേയാൻ വിടുകയാണ് മിക്ക യൂണിറ്റുകളും ചെയ്യുന്നത്. വന്യമൃഗങ്ങളുടെ ആക്രമണം ഏതു സമയത്തും പ്രതീക്ഷിക്കുന്നതിനാൽ ഇൻഷ്വർ ചെയ്യുന്നത് ജില്ലാമിഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

വയനാട് ജില്ലാപഞ്ചായത്തുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതിയിൽ 10 പേരടങ്ങുന്ന 50 പട്ടികവർഗ്ഗ യൂണിറ്റുകൾക്ക് ഒരു ലക്ഷം രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഈ വർഷം പുതിയതായി പത്തോളം യൂണിറ്റുകൾ കന്നുകുട്ടി വളർത്തൽ പദ്ധതിക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്.

ഗൂഡല്ലൂർ, മൈസൂർ, ഗുണ്ടൽപേട്ട, വാണിയംകുളം, എടവണ്ണ എന്നിവിടങ്ങളിൽ നിന്നുമാണ് കന്നുകുട്ടികളെ കൊണ്ടുവരുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുറുമരുടെ പാരമ്പര്യ തൊഴിലായ കന്നുകുട്ടി വളർത്തലിന് കുടുംബത്തിന്റെ പൂർണ പിന്തുണ ലഭിക്കുന്നതിനാൽ ലാഭകരമായി നടത്താൻ കഴിയുന്നു. വയനാട്ടിലെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുമായി ബന്ധപ്പെടുത്തി കന്നുകാലികളെ വാങ്ങുന്നതിനും വിൽക്കുന്നതിനും ജില്ലാമിഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.



പി. മനോഹരൻ
ഡയറക്ടർ, കുടുംബശ്രീ മിഷൻ

### തൊഴിലുറപ്പ് പദ്ധതി

## സി.ഡി.എസ്സിന്റെ ചുമതലകൾ

* **അ**യൽക്കൂട്ടങ്ങളെയും എ.ഡി. എസ്സുകളെയും തൊഴിലുറപ്പ് പദ്ധതിയുടെ പ്രചരണത്തിന് വേണ്ട പ്രേരണ നൽകുക.

* കുടുംബശ്രീ അയൽക്കൂട്ടത്തിലെ തൊഴിൽ കാർഡ് ലഭിച്ച അംഗീകൃത തൊഴിലവകാശികൾ ഗ്രാമപഞ്ചായത്തിൽ തൊഴിൽ അപേക്ഷ നൽകിയെന്ന് ഉറപ്പാക്കുക.

* കുടുംബശ്രീ അയൽക്കൂട്ടത്തിലെ അർഹരായ എല്ലാപേർക്കും ജോബ് കാർഡ് കിട്ടി എന്ന് ഉറപ്പാക്കുക.

* ബാങ്ക് അക്കൗണ്ട് തുടങ്ങുവാനും വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുവാനും എ.ഡി.എസ്സുകളെ സഹായിക്കൽ.

* വാർഡിന്റെ പ്രാദേശിക ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി കാർഷിക നിർമ്മാണ മേഖലകളിൽ തൊഴിലില്ലാത്തതോ തൊഴിലവസരം കുറഞ്ഞതോ ആയ കാലയളവ് നിശ്ചയിക്കുകയും ഈ കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് സഹായകരമായ കലണ്ടർ തയ്യാറാക്കുന്നതിൽ എ.ഡി.എസ്സിന് ആവശ്യമായ സഹായങ്ങൾ നൽകുക.

* എ.ഡി.എസ്സിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടു വരുന്ന കണക്ക് ഓഡിറ്റ് ചെയ്യിക്കുക.

* എ.ഡി.എസ്സുകളുടെ ഓരോ പ്രവർത്തനങ്ങളും സദാ നിരീക്ഷിക്കുകയും ആവശ്യ സന്ദർഭങ്ങളിൽ ഇടപെട്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.

* മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന് ആക്ഷേപമുണ്ടെങ്കിൽ അന്വേഷിച്ചു നടപടികൾ ശുപാർശ ചെയ്യുക.

* തൊഴിലുറപ്പു പദ്ധതിയിലെ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ചുമതലകളും മേറ്റിനെ കണ്ടെത്തി നിയോഗിക്കൽ, തൊഴിലുപകരണങ്ങൾ ലഭ്യമാക്കൽ, തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ ലഭിക്കുന്ന തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(തുടരും)



കത്തുകൾ,
ചോദ്യങ്ങൾ,
വാർത്താകുറിപ്പുകൾ
എന്നിവയ്ക്കും
അന്വേഷണങ്ങൾക്കും
ബന്ധപ്പെടുക.

E-mail: info@kudumbashree.org
Tel: 0471 2554714, 2554715, 2554716, 2554717




## പ്രതികരണം

**പ്രി**യപ്പെട്ട പത്രാധിപർ

കുടുംബശ്രീ യഥാസമയം കിട്ടുന്നുണ്ട്. നന്ദി. കേരളത്തിലെമ്പാടും നടക്കുന്ന കുടുംബശ്രീ പ്രവർത്തനങ്ങൾ തിരിച്ചറിയാൻ ഇത് ഉപകരിക്കുന്നു. ഓരോ വാർത്തയും ഊർജ്ജവും ആവേശവും നിറയ്ക്കും. 'നമ്മ' വിതയ്ക്കുവാൻ ഇനിയും കഴിയട്ടെ. സസ്നേഹം

**ഗായത്രി**
പുന്നത്തൂർ റോഡ്
കോട്ടപ്പടി. പി.ഒ
ഗുരുവായൂർ

**സർ**

ബാലവേലയെക്കുറിച്ച് മലപ്പുറത്തു നടന്ന ദിനാചരണ വാർത്ത വായിച്ചു. ബാലവേല ഇല്ലാതാക്കാൻ സമൂഹം തയ്യാറായെങ്കിൽ മാത്രമേ കുട്ടികൾ രക്ഷപ്പെടൂ.

ഓച്ചിറ ശിവകുമാർ
പ്രയാർ വടക്ക്
ഓച്ചിറ

# ജെ.എൽ.ജിയിലൂടെ അനുഗ്രഹമായി മഹാലക്ഷ്മി



**കാ**സർഗോഡ് ജില്ലയിലെ മധൂർ പഞ്ചായത്തിലെ 13-ാം വാർഡിലെ മഹാലക്ഷ്മി അയൽക്കൂട്ടത്തിലെ നാല് അംഗങ്ങൾ ചേർന്നാ ണ് അനുഗ്രഹ ജെ.എൽ.ജി രൂപീകരിച്ചത്. പാരമ്പര്യമായി കർഷക കുടുംബങ്ങളിലെ അംഗങ്ങളായിരുന്ന നാലുപേർക്കും കൃഷിയെകുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. സ്വന്തമായുണ്ടായിരുന്ന സ്ഥലത്തിനു പുറമെ തരിശായി കിടന്ന വയലുകളും ഇവർ പാട്ടത്തിനെടുത്തു. തെക്കൻ പുഞ്ച, ബിരിപ്പ് എന്നീ നെല്ലിനങ്ങൾ കൃഷിയിറക്കി. ഞാറു നടാനും മറ്റും കൂലിക്കാരായ സ്ത്രീകളുടെ സഹായം ലഭ്യമാക്കി. ആദ്യഘട്ടത്തിൽ നാല് ഏക്കറോളം സ്ഥലത്ത് കൃഷിയിറക്കി. അതുകൂടാതെ ജെ.എൽ.ജി സെക്രട്ടറി ദാക്ഷായണിയുടെ സ്ഥലത്ത് 85 സെന്റിൽ നേന്ത്രവാഴയും 80 സെന്റിൽ ശീതകാല പച്ചക്കറികളും (വെണ്ട, ഞരമ്പൻ, പാവൽ, പയർ) കൃഷി ചെയ്തു. വിത്ത് കൃഷി ഭവൻ നൽകി. കൃഷി സ്ഥലത്ത് ജെ.എൽ.ജിയുടെ ഒന്നരയടി നീളവും വീതിയുമുള്ള ബോർഡ് സ്ഥാപിച്ചു. കാർഷിക മേഖലയിലേക്ക് കടന്നു ചെന്നപ്പോൾ ശാക്തീകരണത്തിന്റെ അനുപമ മാതൃകയാണ് കുടുംബശ്രീ എന്ന് തെളിഞ്ഞു.

കൃഷിയിൽ നിന്നുള്ള ലാഭം അവരെ കൂടുതൽ കൃഷി വ്യാപിപ്പിക്കാൻ പ്രേരിപ്പിച്ചു. മധൂർ കൃഷി ഭവനിലെ ഓഫീസർ സുഷമയും കൃഷി അസിസ്റ്റന്റുമാരും തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിച്ചു. അവർ പറഞ്ഞ പ്രകാരം തരിശു ഭൂമി ലഭിക്കാത്തതിനാലാണ് ജെ. എൽ.ജി സെക്രട്ടറി ദാക്ഷായണിയുടെ വക മൂന്ന് ഏക്കർ തെങ്ങിൻ തോപ്പിൽ ഇടവിളയായി നെൽകൃഷി ചെയ്യാൻ ജെ. എൽ.ജി യോഗത്തിൽ തീരുമാനിച്ചത്. ട്രാക്ടർ ഉപയോഗിച്ച് നിലമുഴുതു. അതിന് ചെലവായ തുക മധൂർ കൃഷി ഭവൻ നൽകി. നെൽ വിത്തും വളവും ലഭ്യമായപ്പോൾ ജെ.എൽ.ജി അംഗങ്ങൾ ചേർന്ന് സ്ഥലം കൃഷിയോഗ്യമാക്കി. ജെ.എൽ.ജി പ്രസിഡന്റ് ചന്ദ്രാവതിയുടെ ഭർത്താവും കർഷകനുമായ അർസപ്പ പൂജാരിയാണ് വിത്ത് വിതച്ചത്. ഗ്രൂപ്പംഗങ്ങളുടെ കുടുംബാംഗങ്ങളും ഇവരെ സഹായിക്കാനായി എത്തി. ചാളി പോലുള്ള കീടങ്ങളുടെ ആക്രമണവും വന്യജീവികളായ കാട്ടുപന്നി, മുയൽ, മയിൽ തുടങ്ങിയവയുടെ ആക്രമണവും വിളവിനെ സാരമായി ബാധിച്ചെങ്കിലും ആദ്യമായി ചെയ്ത കരകൃഷിയിൽ അംഗങ്ങൾ സംതൃപ്തരാണ്. കൃഷി ഓഫീസർ, അസിസ്റ്റന്റുമാർ എന്നിവർ കൃഷി സ്ഥലം സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കൊയ്യാനും മെതിക്കാനും അംഗങ്ങളുടെ കുടും ബംഗങ്ങളും പങ്കെടുത്തു.

വിളയായി ലഭിച്ച നെല്ലും പുല്ലും അംഗങ്ങൾ തുല്യമായി വീതിച്ചെടുത്തു. അടുത്ത വിളയിറക്കാനായി ഇവർ തയ്യാറെടുപ്പ് തുടങ്ങിക്കഴിഞ്ഞു.

മധൂർ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡ് എ.ഡി.എസ് പ്രസിഡന്റ് ശാന്ത, സെക്രട്ടറി തുളസി എന്നിവരുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് റിസോഴ്സ്പേഴ്സണായ ശാന്ത കുമാരി, സുഗന്ധി എന്നിവരാണ് ജെ. എൽ.ജി രൂപീകരിക്കാൻ സഹായിച്ചത്. ജെ.ൽ.ജിയുടെ പ്രസിഡന്റായി ചന്ദ്രവാതിയും സെക്രട്ടറിയായി ദാക്ഷായണിയും സ്ഥാനമേറ്റു. ദേവകി, രാജീവി എന്നിവരായിരുന്നു മറ്റംഗങ്ങൾ. രൂപീകരണത്തിനുശേഷം ജെ. എൽ.ജി എ.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തു. ജനങ്ങൾ കാർഷിക വൃത്തിയിൽ നിന്നും പിൻവാങ്ങുന്ന ഈ കാലഘട്ടത്തിൽ കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കാർഷിക മേഖലയിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും നല്ലൊരും പങ്ക് വഹിക്കുവാൻ സാധിക്കും എന്ന് തെളിയിക്കാൻ അനുഗ്രഹ ജെ.എൽ. ജിക്ക് സാധിച്ചു.

## റബ്ബർ മാറ്റി നെൽകൃഷി ഏറ്റെടുത്ത ജെ.എൽ.ജി.

**കാ**ർഷിക സംസ്കൃതിക്ക് പുതിയൊരധ്യായം രചിക്കുകയാണ് പാലക്കാട് ജില്ലയിലെ കോങ്ങോട് പഞ്ചായത്തിലെ 'നന്ദനം' ജെ.എൽ.ജി. റബ്ബർ കൃഷി ചെയ്യുന്ന മണ്ണിൽ മറ്റ് വിളകൾക്ക് സാധ്യത വളരെ കുറവാണെന്നുള്ള ധാരണയെ കുടുംബശ്രീ പ്രവർത്തകർ വെല്ലുവിളിച്ചിരിക്കുകയാണ്.

ഒൻപതു വർഷമായി റബ്ബർ കൃഷി ചെയ്തിരുന്ന മൂന്നേക്കർ സ്ഥലത്താണ് നന്ദനം ജെ എൽ ജി ഇപ്പോൾ നെല്ല് കൃഷി ചെയ്യുന്നത് . ട്രാക്ടർ കൊണ്ട് ഏഴു ദിവസം തുടർച്ചയായി ഉഴുതുമറിച്ചാണ് ഈ സ്ഥലം നെൽവയലാക്കി മാറ്റിയത്. നെൽകൃഷി തുടങ്ങിയിട്ട് ഒന്നരമാസമായി. നല്ല കരുത്തോടെ വളരുന്നു. നന്ദനം ജെ.എൽ.ജിയിൽ നാല് അംഗങ്ങളാണുള്ളത്. അവരെല്ലാം ഒരേ മനസ്സോടെ ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം മനസ്സിലാക്കി നെൽകൃഷി ഏറ്റെടുത്തു നടത്തുന്നു.




# അറിവിന്റെ ലോകത്ത് ആവേശമായി മന്ത്രിയെത്തി



**അ**റിവും ആഹ്ളാദവും പെയ്തിറങ്ങി, ആനന്ദകണ്ണീരണിഞ്ഞ കുരുന്നുകൾക്കിടയിൽ അമ്പരപ്പുണർത്തി മന്ത്രി എത്തിയത് കുട്ടികൾക്ക് ആവേശമായി. കോഴിക്കോട് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ വാണിമേൽ മരുതോങ്കര, കാവിലുംപാറ, നരിപ്പറ്റ, ചക്കിട്ടപ്പാറ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ ബാലസഭകളിലെ കുട്ടികൾക്കായി സംഘടിപ്പിച്ച 'തുടി' ക്യാമ്പിലാണ് അപ്രതീക്ഷിതമായി സംസ്ഥാന പട്ടിക ജാതി - പട്ടികവർഗ ക്ഷേമ വകുപ്പു മന്ത്രി എ. കെ. ബാലൻ എത്തിയത്. പട്ടികവർഗ വിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന 5 പഞ്ചായത്തുകളിൽ നിന്നും 118 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

ക്യാമ്പ് നടക്കുന്ന മരുതോങ്കര ദുരിതാശ്വാസ ഷെൽട്ടറിലെത്തിയ മന്ത്രിയെ ക്യാമ്പ് അംഗങ്ങളും സംഘാടകരും ഹർഷാരവത്തോടെ സ്വീകരിച്ചു. ക്യാമ്പിൽ പങ്കെടുത്ത ബാലസഭാ കൂട്ടുകാർ അവതരിപ്പിച്ച ആദിവാസി വിഭാഗങ്ങളുടെ തനത് കലാരൂപങ്ങൾ, നാടൻപാട്ടുകൾ മറ്റ് പഠന പ്രവർത്തനങ്ങൾ എന്നിവ കൊഴുപ്പേകിയ ക്യാമ്പിൽ ഒരു മണിക്കൂറോളം മന്ത്രി കുട്ടികളോടൊപ്പം ചെലവഴിച്ചു. ക്യാമ്പിൽ കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ വീക്ഷിച്ച മന്ത്രി ക്യാമ്പ് അംഗങ്ങളോട് താൻ ആദിവാസി ഊരുകൾ സന്ദർശിച്ചതിന്റെ അനുഭവങ്ങൾ പങ്കുവെക്കുകയും സമൂഹത്തിന്റെ ഉന്നത നിലയിലേക്ക് എത്തിച്ചേരണമെന്ന് അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. പത്രങ്ങളിലൂടെയും മറ്റും മാത്രം അറിവുണ്ടായിരുന്ന മന്ത്രിയുടെ വാക്കുകൾ വളരെ ശ്രദ്ധാപൂർവ്വമാണ് കുട്ടികൾ കേട്ടിരുന്നത്. ജീവിതത്തിൽ ആദ്യമായി ഊര് വിട്ടുപുറത്തിറങ്ങിയ കുട്ടികളിൽ പലരും അത്യധികം സന്തോഷത്തോടെയും അഭിമാനത്തോടെയും മന്ത്രിയുമായി സൗഹൃദം പങ്കിട്ടു. കുട്ടികളെ മന്ത്രി ഹസ്തദാനം ചെയ്തും തലോടിയും പ്രോത്സാഹിപ്പിച്ചത് പലർക്കും ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിച്ചു.

ജില്ലയിൽ 2 കേന്ദ്രങ്ങളിലായാണ് തുടി 2010 പട്ടികവർഗ ബാലസഭാ സംഗമം സംഘടിപ്പിച്ചത്. ആരോഗ്യ-വിദ്യാഭ്യാസ-വ്യക്തിത്വ വികസന ക്ലാസുകളും സർഗ്ഗശേഷി വികസനത്തിന് സഹായകരമായ മറ്റു പ്രവർത്തനങ്ങളുമായിരുന്നു ക്യാമ്പിലെ പ്രധാന ഇനങ്ങൾ. ക്യാമ്പ് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിത നടേമ്മൽ ഉദ്ഘാടനം ചെയ്തു. മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സജിത് അദ്ധ്യക്ഷത വഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ സുരേഷ്, ദേശീയ അധ്യാപക അവാർഡ് ജേതാവും അധ്യാപികയുമായ ബീന ടീച്ചർ (വയനാട്), വി.പത്രോസ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു. ബാലസഭ ജില്ലാ റിസോഴ്സ്പേഴ്സൺമാർ, ജില്ലാമിഷൻ ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

# ഔഷധസസ്യ കൃഷിയുമായി ബാലസഭ

**ഔ**ഷധസസ്യ കൃഷിയൊരുക്കി 'വൈവിധ്യം' ബാലസഭ ശ്രദ്ധേയമാകുന്നു. രാമച്ചം, കച്ചോലം, അരുത, തിപ്പലി, മാതളം, കറ്റാർവാഴ, സർവസുഗന്ധി, പതിമുഖം, ഇലഞ്ഞി തുടങ്ങി നൂറിൽപരം ഔഷധ സസ്യങ്ങളാണ് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ വൈവിധ്യം ബാലസഭ കൃഷിചെയ്യാനൊരുങ്ങുന്നത്. മാരാരിക്കുളം പതിനേഴാം വാർഡിലെ ജനറൽ ക്ലസ്റ്റർ സെന്റർ ഗ്രൗണ്ടിലാണ് കൃഷി ആരംഭിച്ചിരിക്കുന്നത്. ബാലസഭ അംഗങ്ങളെ ആറുപേർ വീതമുള്ള മാതളം, ചന്ദനം, നെല്ലി, നീലാംബരി എന്നിങ്ങനെ വിവിധ ഗ്രൂപ്പുകളാക്കിയാണ് കൃഷി തുടങ്ങിയിരിക്കുന്നത്. കൃഷി പരിപാലനവും ബാലസഭാംഗങ്ങൾ തന്നെ ചെയ്യും.

ബാലപഞ്ചായത്ത് അംഗങ്ങളുടെയും ബാലസഭാ അംഗങ്ങളുടെയും സാന്നിധ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്നേഹജൻ ഔഷധസസ്യ കൃഷിയുടെ നടീൽ ഉത്സവം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് അംഗം വി.വി. സംഗീത, ബ്ലോക്ക് പഞ്ചായത്ത് അംഗം ജയകുമാരി, ഗ്രാമപഞ്ചായത്ത് അംഗം ആശ എന്നിവർ പങ്കെടുത്തു.

# കുരുന്നുകളെ പിന്തുടർന്ന് അമ്മമാരും അക്ഷരമുറ്റത്തേക്ക്



**അ**ക്ഷരമുറ്റത്ത് ഒത്തുചേർന്ന ബാലസഭാ കൂട്ടുകാർക്ക് പിന്തുണയുമായി അമ്മമാരുടെ സംഘങ്ങളും വായനശാലകളിൽ എത്തി. കണ്ണൂർ ജില്ലാ കുടുംബശ്രീ ബാലസഭയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ബാലസഭ വായനശാലയിലേക്ക് പരിപാടിയുടെ തുടർച്ചയായാണ് അമ്മമാർ വായനശാലയിലേക്ക് എന്ന പരിപാടി സംഘടിപ്പിച്ചത്. 120 അമ്മമാർ പങ്കെടുത്തു.

കണ്ണൂർ ജില്ലയിലെ 40 പഞ്ചായത്തുകളിൽ നിന്നും ഏകദേശം 4000 കുട്ടികളാണ് 'ബാലസഭ വായനശാലയിലേക്ക്' എന്ന പരിപാടിയിൽ പങ്കെടുത്തത്. പുസ്തകങ്ങളുടെ കൂട്ടുകാരായി മാറി കുരുന്നുകൾ 110 ഗ്രന്ഥശാലകൾ സന്ദർശിച്ചു. ഇവരുടെ മാതൃക പിന്തുടർന്നാണ് അമ്മമാരുടെ സംഘങ്ങളും വായനശാലയിലെത്തിയത്. കൂടുതൽ വായനശാലകൾ കേന്ദ്രീകരിച്ച് അമ്മമാരുടെ സംഗമങ്ങൾ നടത്തി കുടുംബങ്ങളിൽ വായനസംസ്കാരം രൂപപ്പെടുത്താനും അങ്ങനെ വായനശാലകളെ ജനകീയ ഇടങ്ങളാക്കിമാറ്റാനുള്ള ശ്രമത്തിലാണ് ജില്ലയിലെ ബാലസഭാ പ്രവർത്തകർ.

അമ്മമാർ വായനശാലയിലേക്ക് എന്ന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ഷൈമയുടെ അധ്യക്ഷതയിൽ ലൈബ്രറി കൗൺസിലിന്റെ സംസ്ഥാന സെക്രട്ടറി എ. കെ. ചന്ദ്രൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കുട്ടികളിലൂടെ കുടുംബങ്ങളിലേക്ക് വായനാശീലത്തെ എത്തിച്ചുകൊണ്ട് ഗ്രന്ഥാലയങ്ങളെ സജീവമാക്കുന്നതിനുള്ള പദ്ധതി മഹത്തരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ കുടുംബശ്രീ ജില്ലാമിഷൻ എ.ഡി.എം.സി പി.കെ. മോഹനൻ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. 'സമൂഹത്തിൽ നല്ല മാതൃകകളെ സൃഷ്ടിക്കുന്നതിൽ അമ്മമാരുടെ പങ്ക്' എന്ന വിഷയത്തിൽ ലൈബ്രറി കൗൺസിൽ അംഗം സുരേഷ്ബാബു അവതരണം നടത്തി. നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ അമ്മമാരുടെ വായനാശീലം സ്വാധീനം ചെലുത്തുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് അമ്മമാർ അഞ്ചരക്കണ്ടി ഗാന്ധിസ്മാരക ഗ്രന്ഥാലയം സന്ദർശിക്കുകയും മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രന്ഥാലയത്തിലെ പുസ്തകങ്ങൾ, ക്രമീകരണം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഗ്രന്ഥാലയത്തിന്റെ ചരിത്രം, ഭരണനിർവ്വഹണം, ഗ്രന്ഥാലയത്തിന്റെ സാമൂഹ്യ ഇടപെടലുകൾ എന്നിവയെ പറ്റി പഠനം നടത്തി. ബാലസഭാ കൺസൾട്ടന്റ് സിബിൻ ജോസഫ് , ലൈബ്രേറിയൻ ബിന്ദു എന്നിവർ പഠന പരിപാടിക്ക് നേതൃത്വം നൽകി. ബാലസഭാ റിസോഴ്സ്പേഴ്സൺ കുഞ്ഞുമാസ്റ്റർ സ്വാഗതവും ബാലപഞ്ചായത്ത് പ്രസിഡന്റ് അതുല്യ സുധാകരൻ നന്ദിയും പറഞ്ഞു.

# ദുരിതങ്ങൾ ചർച്ച ചെയ്യാൻ കുട്ടികളുടെ ഗ്രാമസഭകൾ

**കു**ട്ടികളുടെ അവകാശസംരക്ഷണത്തിൽ മുതിർന്നവർക്ക് വേണ്ടത്ര പരിഗണനയില്ലെന്ന പരാതിയുമായി കുട്ടികൾ ഒത്തുചേർന്നു. ചർച്ച ചെയ്യാൻ വേദി ലഭിച്ചപ്പോൾ അവർ വീറോടെ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തിൽ നടന്ന കുട്ടികളുടെ ഗ്രാമസഭകളുടെ ജില്ലാതല ഉൽഘാടന പരിപാടിയിലാണ് കുട്ടികൾ സ്വന്തം പ്രശ്നങ്ങൾ ഉന്നയിച്ചത്. കുടുംബശ്രീ-ബാലസഭ ബാല പഞ്ചാത്തിന്റെ നേതൃത്വത്തിലാണ് ഗ്രാമസഭകൾ നടപ്പിലാക്കുന്നത്.

കുട്ടികളുടെ അവകാശങ്ങൾ ചർച്ച ചെയ്യുന്നതിനും അവരനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി കുട്ടികളുടെ തന്നെ ഇടം എന്ന സങ്കൽപത്തിലാണ് ബാലഗ്രാമസഭകൾ ചേരുന്നത്. പൗരബോധവും സംഘടനാബോധവും നേതൃത്വ പാടവവുമുള്ളവരാക്കുക എന്ന ലക്ഷ്യവും ഈ ശ്രമത്തിന് പിന്നിലുണ്ട്.

ബാലപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതിൽ കണ്ണൂർ ജില്ലയിൽ ഡിസംബർ, ജനുവരി മാസങ്ങളിലാണ് കുട്ടികളുടെ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നത്. കൃഷിയും വിദ്യാഭ്യാസവും കലാ-സാംസ്കാരികം, കായികം, ആരോഗ്യം-പരിസ്ഥിതി, കുട്ടികളുടെ അവകാശ സംരക്ഷണം എന്നിങ്ങനെ അഞ്ചു മേഖലകളിലെ കുട്ടികളുടെ പ്രശ്നങ്ങളും വികസന സാധ്യതകളും ചർച്ച ചെയ്യപ്പെടുന്നു. ഗ്രൂപ്പുതല ചർച്ചകൾ ക്രോഡീകരിച്ച് പൊതു ചർച്ചയിൽ കുട്ടികൾ അവതരിപ്പിക്കുന്നു. ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന ചർച്ചകൾക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഹെൽത്ത് ഇൻസ്പെക്ടർ, കൃഷി ഓഫീസർ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കൺവീനർ, ചൈൽഡ്ലൈൻ പ്രവർത്തനം മറുപടി നൽകുന്നു.

നാറാത്ത് വഴിയോരത്തെ അറവുശാലകൾ, കാട്ടാമ്പള്ളിയിലെ മാലിന്യ നിക്ഷേപം, വിദ്യാർത്ഥികളെ ബസിൽ നേരത്തെ കയറാൻ അനുവദിക്കാത്തത് സ്കൂളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മൂത്രപ്പുരയില്ലാത്തത്, സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളുടെ വിൽപന, പ്ലാസ്റ്റിക് ഉപയോഗം, വീടുകളിൽ കുട്ടികൾക്ക് പരിഗണന ലഭിക്കാത്തത്, കുട്ടികളെ കളിക്കുവാൻ അനുവദിക്കാത്തത്, കുട്ടികൾക്ക് കളിക്കുവാൻ മതിയായ കായിക സൗകര്യമില്ലാത്തത് തുടങ്ങിയ വിഷയങ്ങൾ കുട്ടികൾ ഗ്രാമസഭയിൽ ഉന്നയിച്ചിരുന്നു. മാലിന്യ നിക്ഷേപ പ്രശ്നങ്ങളും വഴിയോരത്തെ അറവുശാലകളും ലഹരി വസ്തുക്കളുടെ വിൽപനക്കുമെതിരെ നടപടിയെടുക്കുമെന്ന് പഞ്ചായത്ത് അധികൃകർ കുട്ടികൾക്ക് ഉറപ്പു നൽകി.

കുട്ടികളുടെ ഗ്രാമസഭകളുടെ ജില്ലാതല ഉദ്ഘാടനം സാഹിത്യകാരനും സാക്ഷരതാ മിഷൻ സംസ്ഥാന ഫാക്കൽറ്റിയുമായ പയ്യന്നൂർ കുഞ്ഞിരാമൻ നിർവ്വഹിച്ചു. നാറാത്ത് ബാലപഞ്ചായത്ത് പ്രസിഡന്റ് അമൃത അദ്ധ്യക്ഷയായിരുന്നു. അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ പി. കെ. മോഹനൻ പരിപാടിയെകുറിച്ച് വിശദീകരണം നടത്തി. ജിഷ്ണു.ടി.കെ, ഷംന.ടി.എൻ, ഹരിത.പി, അമിത.പി.പി, ഹരികൃഷ്ണൻ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. നാറാത്ത് ഗ്രാമപഞ്ചായത്തിലെ 175 കുട്ടികളും കല്യാശ്ശേരി ബ്ലോക്കിലെ 7 പഞ്ചായത്തുകളിൽ നിന്നുള്ള 20 കുട്ടികൾ നിരീക്ഷകരായും പരിപാടിയിൽ പങ്കെടുത്തു. ബാലസഭാ ആർ.പിമാരും സി.ഡി.എസ് അംഗങ്ങളും പരിപാടിക്ക് പ്രോൽസാഹനം നൽകി.

## വിജയഗാഥ

# പുതിയ ഉപജീവന മാർഗ്ഗങ്ങൾ



**കാ**ർഷിക പ്രതിസന്ധി മാധ്യമങ്ങളിൽ സ്ഥാനം പിടിക്കുമ്പോൾ സ്ത്രീകൾ കണ്ടെത്തുന്ന പുതിയ ഉപജീവന മാർഗ്ഗങ്ങൾ ശ്രദ്ധ അർഹിക്കുന്നു. വയനാട്ടിലെ അമ്പലവയൽ പഞ്ചായത്തിലെ തേജസ്സ് എന്ന സ്ത്രീസംഘം വാഴനാരുകൊണ്ടുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ തുടങ്ങിയത് ഈ സാഹചര്യത്തിലാണ്.

സ്വന്തമായി ഭൂമിയില്ലാത്ത ഇവർ മറ്റുള്ളവരുടെ സ്ഥലം പാട്ടത്തിന് മറ്റും എടുത്ത് ഇഞ്ചിയും ചേനയും കൃഷി ചെയ്തിരുന്നു. എന്നാൽ രോഗബാധ മൂലം ഇത്തവണ ഭീകരമായ നഷ്ടം ഉണ്ടായി. ഇത്തരം പ്രശ്നങ്ങളിൽ നിരാശപ്പെടാനോ മനഃസാന്നിധ്യം നഷ്ടപ്പെടുത്താനോ ഇവർ തയ്യാറായില്ല. ഉറച്ച മനസ്സോടെ പുതിയ വരുമാന മാർഗ്ഗങ്ങൾ അന്വേഷിക്കാൻ കുടുംബശ്രീ കൂട്ടായ്മ ഇവർക്ക് ധൈര്യം നൽകി. അങ്ങനെയാണ് വിവിധ അയൽക്കൂട്ടങ്ങളിലെ പത്ത് സ്ത്രീകൾ ചേർന്ന് തേജസ്സ് യൂണിറ്റിന് രൂപം നൽകിയത്. വാഴനാരുകൊണ്ട് കൗതുകവസ്തുക്കളും ബാഗും മറ്റും ഉണ്ടാക്കുന്നതിനെക്കുറിച്ച് ഇവർ നേരത്തെ കേട്ടിട്ടുണ്ടായിരുന്നു. ഇതിന് പരിശീലനം നൽകുന്നവരേയും ഇവർ കണ്ടെത്തി. അങ്ങനെ അമ്പലവയൽ വിജ്ഞാന കേന്ദ്രത്തിൽ 5 ദിവസത്തെ പരിശീലനത്തിലൂടെ പത്തുപേരും വാഴനാര് സംസ്കരണവും ഉത്പ്പന്ന നിർമ്മാണവും പഠിച്ചു. കൂടാതെ പേപ്പർബാഗ് നിർമ്മിക്കുവാനും പരിശീലനം നേടി. വാഴ വെട്ടിക്കൊണ്ടുവന്ന് നാരെടുത്ത് സംസ്കരിച്ച് ആവശ്യമെങ്കിൽ ചായം നൽകി മനോഹരമായ ഉത്പ്പന്നങ്ങൾ ഇവർ ഇന്നുണ്ടാക്കുന്നു. ഇത്തവണത്തെ ജില്ലാതല മാസച്ചന്തയിൽ ഇവരുടെ ഉത്പ്പന്നങ്ങൾ ധാരാളമായി വിറ്റഴിഞ്ഞു. സ്വന്തം കൈയ്യിൽ നിന്നും 25,000 രൂപ എടുത്താണ് ഇവർ സംരംഭം ആരംഭിച്ചിരിക്കുന്നത്. ബാങ്ക് വായ്പ ഉടൻ കിട്ടുമെന്നാണ് പ്രതീക്ഷ. വാഴനാരുത്പ്പന്നങ്ങളും കടലാസ് ബാഗും യൂണിറ്റിലെ ചില അംഗങ്ങളുടെ വീട്ടിലിരുന്നാണ് ഇപ്പോൾ ഉണ്ടാക്കുന്നത്. കുറേക്കൂടി വരുമാനം ഉണ്ടായശേഷം സ്വന്തമായ സ്ഥലം കണ്ടെത്താനാകും എന്ന് ഇവർക്ക് ആത്മവിശ്വാസമുണ്ട്. ഉത്പ്പന്നങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ കണ്ടെത്തുക എന്നതു തന്നെ വയനാട് ജില്ലയിലെ ഒരു പഞ്ചായത്തിലുള്ള സ്ത്രീകൾക്ക് ബുദ്ധിമുട്ടാണ്. നഗരങ്ങളിലെപോലെ എന്തും ലഭ്യമാകുന്ന കടകളും വിപണന കേന്ദ്രങ്ങളും ഇല്ലാത്തത് തേജസ്സിന് വെല്ലുവിളിയാണ്. എങ്കിലും നിശ്ചയദാർഢ്യത്തോടെ ഇവർ മുന്നോട്ടു പോകുന്നു.

സ്വന്തമായി അറിയാവുന്ന കാര്യങ്ങൾ എല്ലാം സംഘവുമായി പങ്കുവയ്ക്കാനും അങ്ങനെ വരുമാനം വർദ്ധിപ്പിക്കാനുമാണ് ഇവരുടെ തീരുമാനം. കുടനിർമ്മാണം അറിയാവുന്ന യൂണിറ്റ് സെക്രട്ടറി മല്ലിക അതും തേജസ്സിന്റെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. മഴക്കാലത്ത് കുടയ്ക്ക് ആവശ്യക്കാർ ഏറെയുണ്ടാവുമല്ലോ.

തങ്ങളുടെ ഉത്പ്പന്നങ്ങൾ വ്യത്യസ്തമാണെന്ന് തേജസ്സിനറിയാം. വാഴനാരുകൊണ്ടുള്ള ഉത്പ്പന്നങ്ങൾ തിരിച്ചറിയുകയും അതിന്റെ മൂല്യം മനസ്സിലാക്കുകയും ചെയ്യുന്ന ഉപഭോക്താക്കൾ ഉണ്ടാകണം. അതിന് വ്യത്യസ്തമായ വിപണി കണ്ടെത്തണം. ഇക്കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടവർ ഒരുമയോടെ, ക്ഷമയോടെ പ്രവർത്തിക്കുന്നു. നല്ല നാളെ എന്ന ശുഭപ്രതീക്ഷ ഇവരെ മുന്നോട്ടു നയിക്കുന്നു.

# തനിമ, പരിശുദ്ധി, കേരളീയത
# കുടുംബശ്രീ ഉൽപ്പന്നങ്ങൾ

## ജാംസിന്റെ പ്രാതൽക്കിറ്റ്

**മ**ലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ജാംസ് എന്ന തൊഴിൽ സംരംഭം ഉണ്ടാക്കുന്നത് വ്യത്യസ്ത പ്രാതൽ വിഭവങ്ങൾക്കുവേണ്ട മാവുകളുടെ ആകർഷകമായ കിറ്റാണ്. സംഘത്തിന്റെ മില്ലിൽ പൊടിച്ചെടുക്കുന്ന പത്തിരി പൊടി, പുട്ടുപൊടി, ഗോതമ്പുപൊടി, റവ എന്നിങ്ങനെ അര കിലോ വീതമുള്ള നാലു പ്രത്യേകം പായ്ക്കറ്റുകൾ അടങ്ങിയതാണ് ഈ കിറ്റ്. ഇതിന്റെ വില 65 രൂപയാണ്. വിപണിയിൽ വൻ ഡിമാന്റുള്ള പ്രാതൽ കിറ്റ് ആവശ്യക്കാർക്ക് ഓർഡർ അനുസരിച്ച് എത്തിച്ച് കൊടുക്കുന്നതാണ്.

ഫോൺ നമ്പർ: 9846377654



**കുടുംബശ്രീ ഉൽപ്പന്നങ്ങൾ മൊത്തമായി വാങ്ങാനും വിതരണം നടത്താനും താത്പര്യമുള്ളവർ മാർക്കറ്റിങ് ടീമുമായി ബന്ധപ്പെടുക. ഫോൺ-9895896716,9946121217**
**പ്രോഗ്രാം ഓഫീസർ (മാർക്കറ്റിംഗ്) : 9446363250**

# ആത്മാഭിമാനത്തിന്റെ നിമിഷങ്ങൾ!
# അധ്വാനത്തിന്റെ അനുഭവസാക്ഷ്യങ്ങൾ!

**തൊ**ഴിലുറപ്പിലൂടെ ലഭിക്കുന്ന വരുമാനം ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നത് സ്ത്രീകൾക്ക് ഒരനുഗ്രഹമാണ്. മദ്യപാനികളായ ഭർത്താക്കന്മാർക്ക് ഈ പൈസ എടുക്കാൻ സാധിക്കില്ല. അതിനാൽ അമ്മമാർക്ക് ഈ തുക മക്കളുടെ പഠനാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കും.

ആറന്മുള പഞ്ചായത്തിൽ 13-ാം വാർഡിൽ ക്യാൻസർ ബാധിതയായ ഒരു തൊഴിലാളിയുടെ ചികിത്സയ്ക്കായി ആ വാർഡിലെ തൊഴിലാളികളുടെ പകുതി വേതനം സ്വരൂപിച്ച് നൽകുകയും ചെയ്തു.

**ശോഭ കലഞ്ഞൂർ**
പത്തനംതിട്ട

**ആ**ദിവാസി മേഖലയിലുള്ള ആൾക്കാർ തങ്ങൾക്ക് ദിവസവേതനം കിട്ടണമെന്ന് ആവശ്യപ്പെടുകയും അയൽക്കൂട്ടത്തിൽ നിന്നും ലോൺ എടുത്ത് അവർക്ക് മുൻകൂറായി വേതനം കൊടുക്കുകയും ചെയ്തു. വളരെ നിഷ്കളങ്കരായ അവർ ബാങ്കിൽ നിന്ന് പണം കിട്ടുമ്പോൾ തന്നെ അവർ ഞങ്ങളെ ഏൽപ്പിക്കുകയും ചെയ്തു.

ആർക്കും വേണ്ടാത്ത വൃദ്ധരായ ആൾക്കാർ ഞങ്ങൾക്കൊന്നുമില്ലേ പണി എന്നു ചോദിക്കുകയും ചെയ്തു. ഇതേകുറിച്ച് ആലോചിച്ചപ്പോൾ വൃദ്ധരുടെ ഒരു ഗ്രാമസഭ കൂടാമെന്ന് തീരുമാനിക്കുകയും ഗ്രാമസഭ വിളിക്കുകയും ചെയ്തു. ഏറെ ആൾക്കാരെ പ്രതീക്ഷിക്കാതെ നിന്ന ഞങ്ങൾ 60100,150 ആൾക്കാരെ കണ്ട് അതിശയിക്കുകയും ചെയ്തു. അവർ കർഷകർക്കാവശ്യമായ തൈകൾ നട്ട് ഒരു കാർഷിക നഴ്സറിക്കു തുടക്കം കുറിക്കുകയും ചെയ്തു.

എന്റെ അച്ഛന്റെ അത്രയും പ്രായം ചെന്ന ആൾക്കാർ എന്നെ ചേച്ചി എന്നു വിളിക്കുന്നു. "ദാ ഞങ്ങടെ ചേച്ചി പോകുന്നു എന്നു പറയുന്നു".

**രജനി**
**വയനാട്**

**നാ**ല് അംഗങ്ങൾ ഉള്ള ഒരു ആശ്രയ കുടുംബത്തിന്റെ അനുഭവമാണ് ഇത്. തളർവാതം വന്ന ആളിനെ എടുത്തുകൊണ്ട് ആശുപത്രിയിൽ പോകേണ്ട അവസ്ഥയായിരുന്നു അവിടെ. വീട്ടിലേക്ക് വാഹനം എത്തുന്നതിനുള്ള അസൗകര്യം ആയിരുന്നു കാരണം. ഞങ്ങൾ എ.ഡി.എസ്സിന്റെ നേതൃത്വത്തിൽ ആക്ഷൻ പ്ലാൻ വയ്ക്കുകയും ആ വീട്ടിലേക്ക് വഴിയൊരുക്കുകയും ചെയ്തു. ഇന്ന് വയസ്സായ ആ അച്ഛനും അമ്മയ്ക്കും ആട്ടോയിൽ ആശുപത്രിയിൽ പോകാൻ സാധിക്കുന്നു.

തൊഴിലുറപ്പിൽ നിന്നും ലഭിച്ച വേതനം ഒരുമിച്ച് ഓണാഘോഷം പോലുള്ള പരിപാടികൾക്ക് ഞങ്ങളുടേതായ ഒരു വിഹിതം നൽകാൻ സാധിച്ചു.

**ബിന്ദു**
അണിമംഗലം
എറണാകുളം

## സൗജന്യ നിയമസഹായത്തിന്
## 24 മണിക്കൂറും പ്രവർത്തിക്കുന്ന
## ഹെൽപ്പ് ലൈൻ നമ്പർ
## 9846700100

# പെൺപെരുമ വിളിച്ചോതി ആറൻമുള കണ്ണാടി



**പാ**രമ്പര്യവും പവിത്രതയും അതിശയിപ്പിക്കുന്ന സൃഷ്ടിയും അവർണനീയമായ ചാരുതയും ഒത്തിണങ്ങിയ പത്തനംതിട്ടയ്ക്ക് മാത്രം അവകാശപ്പെടാവുന്ന ആറൻമുള കണ്ണാടി നിർമ്മാണത്തിൽ കുടുംബശ്രീ അംഗത്തിന്റെ കരസ്പർശം.

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ ശ്രീലക്ഷ്മി അയൽക്കൂട്ടത്തിലെ ലീലാമണിയാണ് ആറൻമുള കണ്ണാടി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന കുടുംബശ്രീ അംഗം. ഭർത്താവിനൊപ്പമാണ് ലീലാമണി കണ്ണാടി നിർമ്മിക്കുന്നത്. ഓർഡർ അനുസരിച്ച് മറ്റു കടകളിൽ കൊടുക്കുകയാണ് ചെയ്യുന്നത്. സാധാരണ കണ്ണാടിയിലെ മെർക്കുറി പുരട്ടിയ പ്രതലത്തിൽ പ്രതിബിംബം രൂപപ്പെടുമ്പോൾ, ലോഹക്കൂട്ടുകൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കുന്ന ആറൻമുള കണ്ണാടിയിൽ കണ്ണാടിയുടെ പ്രതലത്തിൽ തന്നെ പ്രതിബിംബം രൂപപ്പെടുന്നതിനാൽ വളരെ വ്യക്തതയോടുകൂടി രൂപങ്ങൾ തെളിയുന്നു. അതീവ ശ്രദ്ധ വേണ്ട ഒന്നാണ് ആറൻമുള കണ്ണാടി നിർമ്മാണം. ആലയിലെ പണി മുതൽ ലോഹക്കൂട്ട് പവിത്രമായ കണ്ണാടി ആക്കുന്നിടം വരെ ലീലാമണിയും ഭർത്താവും ഒരുപോലെയാണ് പണിയെടുക്കുന്നത്. "ഇന്ന ജോലി ഇന്നാർക്ക് എന്ന വേർതിരിവ് ഇവിടെ ഇല്ല'' -രണ്ടുപേരും ഒരേ സ്വരത്തിൽ പറയുന്നു.

Printed, Published and owned by Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, Published from 2nd Floor, TRIDA Building, Chalakkuzhi Road, Medical College (P.O.), Thiruvananthapuram, Design & Layout: Communique, Tvm-1, Printed at: Kerala State Audio Visual & Reprographic Centre, Editor P.Veena ,Editorial Assistant S.Jayalekshmi